# തവസ്സുൽ: കടുത്ത ദുർവ്യാഖ്യാനം

ശാഫി സ്വലാഹി ചങ്ങലീരി

**അ**ല്ലാഹു സൃഷ്ടികളുമായി ഏറ്റവും അടുത്തവനാണെന്നും അതുകൊണ്ട് അവനിലേക്കടുക്കാൻ ഇടയാളന്മാരുടേയോ മദ്ധ്യവർത്തികളുടേയോ ആവശ്യമില്ലെന്നും നേരിട്ട് പ്രാർത്ഥിച്ചാൽ അവൻ ഉത്തരം ചെയ്യുമെന്നും സമർത്ഥിക്കുന്ന ഒരു ആയത്താണ് വിശുദ്ധ ഖുർആനിലെ രണ്ടാം അദ്ധ്യായമായ സൂറഃ അൽബഖറയിലെ 186-ാം വചനം. പ്രസ്തുത ആയത്ത്, പ്രസിദ്ധ സുന്നീ പണ്ഡിതനായ വലിയ ഖാസി ശിഹാബുദ്ധീൻ ഇമ്പിച്ചിക്കോയ തങ്ങൾ നൽകിയ പരിഭാഷസഹിതം ആദ്യം കാണുക:

**(അൽബായൻ ഫീമആനിൽ ഖുർആൻ പേ: 43)**



ജുസ്ഉ്-2 | 43 | 2-സൂറത്തുൽ ബഖറ

2/186. എന്റെ അടിമകൾ എന്നെകുറിച്ച് താങ്കളോട് ചോദിക്കുമ്പോൾ (പറയുക) തീർച്ചയായും ഞാൻ സമീപസ്ഥനാണ്. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനക്ക് ഞാൻ ഉത്തരം നൽകും, അവൻ എന്നോട് പ്രാർത്ഥിക്കുമ്പോൾ. അതുകൊണ്ട് അവൻ എനിക്കുത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്തു കൊള്ളട്ടെ. അവർ സന്മാർഗ്ഗം പ്രാപിക്കുന്നതിന് വേണ്ടി.

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ ﴿١٨٦﴾

ശക്തിയായി തൗഹീദ് സമർത്ഥിക്കുകയാണല്ലോ ഈ പരിശുദ്ധ വചനം ചെയ്യുന്നത്. യാതൊരുവിധ ഇടയാളന്റേയും ആവശ്യമില്ലാത്തവിധം അല്ലാഹു സമീപസ്തനാണെന്നും അതുകൊണ്ട് അവനോട് പ്രാർത്ഥിച്ചാൽ ഉത്തരം നൽകുമെന്നും ഖണ്ഢിതമായി ഈ ആയത്ത് പഠിപ്പിക്കുന്നു. എന്നാൽ ഈ ആയത്തിനെപ്പോലും ഒരു ഫൈസി തവസ്സുലിന് (ഇടതേട്ടത്തിന്) തെളിവാക്കി ക്രൂരമായി ദുർവ്യാഖ്യാനിക്കുന്നു! അതും തന്റെ ഖുർആൻ വ്യാഖ്യാന ഗ്രന്ഥത്തിൽതന്നെ!! അത് കാണുക:

(മുസ്തഫാ ഫൈസിയുടെ ഖുർആൻ വ്യാഖ്യാനം 3-267)




*വിശുദ്ധ ഖുർആൻ വ്യാഖ്യാനം* — *നൂറ്റൊമ്പതായത്*

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ

എന്റെ അടിമകൾ എന്നെപ്പറ്റി താങ്കളോട് ചോദിച്ചാൽ തീർച്ചയായും ഞാൻ അടുത്തവനാണ്. എന്നോട് പ്രാർത്ഥിച്ചാൽ പ്രാർത്ഥിച്ചവന്റെ പ്രാർത്ഥനക്ക് ഞാൻ ഉത്തരം നല്കും. അത് കൊണ്ട് അവർ എന്നോട് ഉത്തരം തേടട്ടെ. എന്നെകൊണ്ട് അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ സൻമാർഗം സിദ്ധിക്കുന്നതിന് വേണ്ടി. (186)

വായനക്കാർ മനസ്സിലാക്കിയല്ലോ. യഥാർത്ഥ വിശ്വാസികൾക്കെതിരിൽ ഈ സൂക്തം ദുരുപയോഗം ചെയ്യുന്നത് നമുക്ക് മനസ്സിലാക്കാൻ സാധിക്കണം. ഈ സൂക്തം തന്നെ പറയുന്നത് അല്ലാഹുവുമായി അടുക്കാൻ പ്രവാചകനെയാണ് ആദ്യം സമീപിക്കേണ്ടതെന്നാണ്. നമ്മിൽ പലരും ഇത് ചിന്തിക്കാറില്ല.

അല്ലാഹുമായുള്ള സാമീപ്യവും തുടർന്നു ഉത്തരവും ലഭിക്കാൻ വേറെയും നിബന്ധനകളുണ്ട്. 'എന്റെ അടിമകൾ' എന്ന പ്രയോഗം അർത്ഥഗർഭമാണ്. അല്ലാഹുവിന്റെ അടിമയും പിശാചിന്റെ അടിമയുമുണ്ട്. പിശാചിന്റെ അടിമയുടെ ചോദ്യത്തിന് അല്ലാഹു ഉത്തരം നല്കേണ്ടതില്ല. നല്കുമെന്ന് പറഞ്ഞിട്ടുമില്ല. അൽ ഫുർഖാൻ അധ്യായത്തിൽ 'വഇബാദുർറഹ്മാൻ...' എന്ന് തുടങ്ങി പത്തിലേറെ സൂക്തങ്ങളിലായി ആരാണ് 'അല്ലാഹുവിന്റെ അടിമകൾ' എന്ന് അല്ലാഹുതന്നെ വ്യക്തമാക്കിയിട്ടുണ്ട്. 'അവൻ ചോദിച്ചാൽ ഞാൻ തീർച്ചയായും കൊടുക്കും' എന്ന് അല്ലാഹു പറഞ്ഞത് ഇവരെ പറ്റിയാണ്.

'എന്റെ അടിമകൾ താങ്കളോട് ചോദിച്ചാൽ....' എന്ന പ്രയോഗത്തിൽനിന്നുതന്നെ മനസ്സിലാകുന്നത് അല്ലാഹുവിന്റെ യഥാർത്ഥ അടിമകൾ നബിയോട് ചോദിക്കും എന്നാണ്. അങ്ങനെ ചോദിക്കാത്തവർക്ക് അടുപ്പമോ ഉത്തരമോ ലഭിക്കില്ലെന്ന്തന്നെ ഇതിൽ വ്യക്തമാകുന്നു.

നോക്കൂ, ഇടയാളത്തത്തെ തച്ച് തകർക്കുന്ന ഒരായത്തിനെയാണ് ഈ ഫൈസി ദുർവ്യഖ്യാനത്തിലൂടെ ഇടയാളത്തത്തിന് തന്നെ തെളിവാക്കിയിരിക്കുന്നത്. തൗഹീദിനെ ശിർക്കാക്കാനുള്ള ഇയാളുടെ കരളുറപ്പ് ഭയങ്കരം തന്നെ! അല്ലെങ്കിലും ഇതിൽ കുറഞ്ഞദുർവ്യഖ്യാനമൊന്നും ഇയാളിൽ നിന്ന് പ്രതീക്ഷിക്കാൻ വകയില്ലല്ലോ. കാരണം, ഈ ഖുർആൻ (ദുർ)വ്യാഖ്യാനഗ്രന്ഥമെഴുതാൻ ഇയാളെ പ്രേരിപ്പിച്ചത് തന്നെ താൻ മുമ്പെഴുതിയ മുഹ്‌യിദ്ദീൻമാല വ്യാഖ്യാനമാണെന്ന് ഇതിന്റെ ഒന്നാം വാള്യത്തിന്റെ ആമുഖത്തിലിയാൾ പറയുന്നുണ്ട്. ഇതാ അദ്ദേഹത്തിന്റെ വരികൾ തന്നെ കാണുക:




## പ്രസ്താവം

വിശുദ്ധ ഖുർആൻ വ്യാഖ്യാനം ഒന്നാം ഭാഗമാണിത്. അല്ലാഹു അനുഗ്രഹിച്ചാൽ ഇനി ഒമ്പതിൽ കുറയാത്ത ഭാഗങ്ങൾ പ്രതീക്ഷിക്കാം; അത് തന്നെ ആകുന്നത്ര വേഗത്തിൽ. എല്ലാവരുടെയും സഹകരണം ഇതിന് ആവശ്യമാണ്.

മുഹ്‌യിദ്ദീൻമാല വ്യാഖ്യാനത്തോടെയാണ് ഇങ്ങനെയൊരു ആഗ്രഹം ജനിച്ചത്. ആ വ്യാഖ്യാനം വമ്പിച്ച വിജയമായിരുന്നു. ഇത് കൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത് ആശയപരമാണ്.

മാലയുടെ ആശയങ്ങൾക്ക് ഖുർആനിൽ നിന്ന് തെളിവ് കണ്ട് പിടിക്കുകയായിരുന്നു അവിടെ. അതൊരു ചെറിയ പണിയാണ്. ഇവിടെ അതല്ല, ഖുർആനിക ആശയങ്ങൾ ഖുർആനിൽ നിന്ന് കണ്ട് പിടിക്കുകയാണ്. അതിനാൽ തന്നെ മുഴുവൻ ആശയങ്ങളുടെയും വ്യാഖ്യാനമാണ് ഇതിൽ നിർവഹിക്കാനുള്ളത്.

നോക്കൂ! എന്താണിയാളുടെ അവസ്ഥ?! അല്ലെങ്കിലും ഖുർആൻ വ്യാഖ്യാനമെഴുതാൻ മുഹ്‌യിദ്ദീൻമാല പ്രചോദനമായ ഒരാളെ സംബന്ധിച്ചിടത്തോളം മേൽ ദുർവ്യാഖ്യാനമൊന്നും ഒരു പ്രശ്നമല്ലല്ലോ...

മുസ്‌ല്യാരുടെ ഈ വ്യഖ്യാനം കടുത്ത ദുർവ്യഖ്യാനമാണെന്നും ഇതിൽ തവസ്സുലിന് ഒരു സൂചനപോലുമില്ലെന്നും തെളിയിക്കുന്നതാണ് ഈ ആയത്തിന്റെ അവതരണ പശ്ചാത്തലം തന്നെ! 'നമ്മുടെ റബ്ബ് സമീപസ്ഥനാണോ? എങ്കിൽ നമുക്ക് അവനുമായി പതുക്കെ സംഭാഷണം നടത്താം. അവൻ വിദൂരസ്ഥനാണോ? എങ്കിൽ അവനോട് ഉച്ചത്തിൽ വിളിച്ച് ചോദിക്കാം' എന്ന് ഒരു അഅ്റാബി (ഗ്രാമീണനായ അറബി) ചോദിച്ചപ്പോഴാണ് ഈ വചനം അവതരിച്ചതെന്നും, 'നമ്മുടെ റബ്ബ് എവിടെയാണ്?' എന്ന് ചിലർ അന്വേഷിച്ചതിനെ തുടർന്ന് അവതരിച്ചതാണെന്നും ചില റിപ്പോർട്ടുകളിൽ കാണാം. അഥവാ അല്ലാഹു എപ്പോഴും തന്റെ അടിമകളുടെ അടുത്തുതന്നെയുണ്ട്. അവരുടെ പ്രാർത്ഥനകളെല്ലാം അവൻ എപ്പോഴും കേൾക്കുകയും അറിയുകയും ചെയ്യും. അവരുടെ അപേക്ഷകളെ അവൻ പാഴാക്കിക്കളയുകയില്ല. അതുകൊണ്ട് അവനോട് അപേക്ഷിക്കുന്നതിന് അവർ പ്രത്യേക സമയമോ സ്ഥലമോ നോക്കേണ്ടതില്ല. മറ്റൊരാളുടെ മദ്ധ്യസ്ഥമോ ശുപാർശയോ ആവശ്യമില്ല. അവനെ കേൾപ്പിക്കുവാൻവേണ്ടി ഉച്ചത്തിൽ വിളിച്ചുപറയേണ്ടതുമില്ല എന്നൊക്കെ ജനങ്ങൾക്ക് പറഞ്ഞു കൊടുക്കുവാൻ അല്ലാഹു ഈ വചനം മുഖേന നബി(സ)യോട് കൽപ്പിക്കുന്നു. അവർ എന്നെ വിളിച്ച് പ്രാർത്ഥിക്കുന്നതിന് ഉത്തരം നൽകാൻ ഞാൻ സദാ സന്നദ്ധനായിരിക്കുന്ന സ്ഥിതിക്ക് എന്റെ കൽപ്പനാനിർദ്ദേശങ്ങൾ അനുസരിക്കുകവഴി എന്റെ വിളിക്ക് അവർ ഉത്തരം ചെയ്യേണ്ടതാണെന്നും, എന്നിൽ ശരിക്കും വിശ്വസിച്ചിരിക്കേണ്ടതാണെന്നുകൂടി ഉണർത്തുകയാണ് ഈ ആയത്തിലൂടെ. അഥവാ ഇടയാളത്തത്തെ ഒരു നിലക്കും അംഗീകരിക്കുന്നില്ലെന്നർത്ഥം. എന്നിട്ട് ഈ ആയത്താണത്രെ തവസ്സുലിനുള്ള ഇയാളുടെ തെളിവ്?!

ഇനി ഫൈസിയുടെ വ്യാഖ്യാനം എത്രമാത്രം ഗൗരവമേറിയതാണെന്ന് മനസ്സിലാക്കാൻ മറ്റു മുസ്‌ല്യാക്കന്മാർ തന്നെ ഈ ആയത്തിന് നൽകിയ വ്യാഖ്യാനങ്ങൾകൂടികാണുക.

'സുന്നത്ത് ജമാഅത്തിന്റെ യഥാർത്ഥ പരിഭാഷ' എന്ന് പി. എം. എസ്. എ. പൂക്കോയ തങ്ങൾ സന്ദേശമെഴുതിയ ടി.കെ. അബ്ദുല്ല മുസ്‌ല്യാരുടെ ഖുർആൻ പരിഭാഷയിൽ ഈ ആയത്തിന് നൽകിയ അർത്ഥവും വ്യാഖ്യാനവും:

**(തഫ്സീറുൽ ഖുർആൻ പേ: 68)**




സയഖൂലു-2 68 അദ്ധ്യായം 2 - അൽബഖറ

186. *എന്റെ അടിമകൾ എന്നെ കുറിച്ച് താങ്കളോട് ചോദിക്കുമ്പോൾ (അവരോട്) പറഞ്ഞുകൊടുക്കുക! (ഞാൻ എന്റെ ജ്ഞാനം വഴി അവരോടു) അടുത്തവനാണ്. എന്നോട് പ്രാർത്ഥിച്ചാൽ പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനക്കു ഞാൻ ഉത്തരം നൽകും. അതിനാൽ എനിക്കു (വഴിപ്പെട്ടുകൊണ്ടു) അവർ ഉത്തരം ചെയ്യുകയും എന്നെകൊണ്ടുള്ള വിശ്വാസത്തിൽ അവർ (നിരതരാവുകയും) ചെയ്യട്ടെ. എന്നാൽ അവർ സന്മാർഗം പ്രാപിച്ചവരായേക്കും.

١٨٦- وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ

186. * ഞങ്ങളുടെ നാഥൻ സമീപസ്ഥനാണെങ്കിൽ അവനോടു നേരിട്ടു സംഭാഷണം നടത്തുകയും വിദൂരസ്ഥനാണെങ്കിൽ അവനെ വിളിക്കുകയും ചെയ്യാമല്ലോ എന്നു ഒരു സംഘം നബിയോടാവശ്യപ്പെട്ടപ്പോൾ അവതരിപ്പിച്ചു.

സമസ്തയുടെ സെക്രട്ടറിയായിരുന്ന കെ. വി. മുഹമ്മദ് മുസ്‌ലിയാർ, കൂറ്റനാട് തന്റെ ഖുർആൻ വ്യാഖ്യാന ഗ്രന്ഥത്തിൽ ഈ ആയത്തിനെ അതിന്റെ അവതരണ പാശ്ചാതലസഹിതം വിവരിക്കുന്നത് കാണുക:

**(ഫത്ഹുർറഹ്മാൻ: 1–259)**

ബഖറ    ഭാഗം 2    259

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ ۖ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ ۖ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ ﴿١٨٦﴾

186. എന്റെ അടിമകൾ താങ്കളോട് എന്നെക്കുറിച്ചു ചോദിച്ചാൽ, നിശ്ചയമായും ഞാൻ അവരുടെ സമീപസ്ഥനാണ്. പ്രാർത്ഥിക്കുന്നവൻ എന്നോട് പ്രാർത്ഥിച്ചാൽ ഞാൻ അവന്റെ പ്രാർത്ഥനക്കുത്തരംചെയ്യും. അതിനാൽ അവരെന്റെ വിളിക്ക് ഉത്തരം ചെയ്യുകയും എന്നിൽ വിശ്വസിക്കയും ചെയ്തുകൊള്ളട്ടെ. അതുമൂലം അവർക്കു സന്മാർഗ്ഗികളാകാവുന്നതാണ്. (194)



(194) നോമ്പിന്റെ നിയമവിധികൾ വിവരിക്കുന്നതിനിടയിലാണ് പ്രാർത്ഥനയെക്കുറിച്ചു പ്രേരിപ്പിക്കുന്ന വാക്യം അവതരിച്ചിരിക്കുന്നത്. നോമ്പുകാലത്ത്, പ്രത്യേകിച്ചും എണ്ണം പൂർത്തിയാക്കുമ്പോഴും ഓരോ നോമ്പ് തുറക്കുമ്പോഴും അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നതിൽ പ്രത്യേകം ഉൽസുകരായിരിക്കേണ്ടതാണെന്നു ഉണർത്തുവാനാണ് ഇത്. അവൻ വിദൂരനാണെന്നുവെച്ചു ആരും ഉച്ചത്തിൽ വിളിക്കേണ്ടതില്ല. അവൻ സമീപസ്ഥനാണ്. അതായതു നിശബ്ദം പതുക്കെ ചെയ്യുന്ന പ്രാർത്ഥന അവൻ കേൾക്കുന്നവനും ഉത്തരം ചെയ്യുന്നവനുമാകുന്നു. ഇമാം റാസി(റ) എഴുതുന്നു: ഒരു ഗ്രാമീണൻ വന്നു നബി(സ)യോടു ചോദിച്ചു—'നമ്മുടെ റബ്ബ് അടുത്തുതന്നെയുണ്ടോ? എങ്കിൽ അവനോട് പതുക്കെ ചോദിച്ചാൽമതി. അല്ല അവൻ വിദൂരനാണോ? അങ്ങനെയാകുമ്പോൾ അവനെ ഉച്ചത്തിൽ വിളിക്കേണ്ടതായി വരും.' ഈ സന്ദർഭത്തിലാണീ സൂക്തം അവതരിച്ചത്. (തഫ്സീർ കബീർ 5:94) അല്ലാഹുവിനോട് ദുആചെയ്യൽ ഒരു പ്രധാന ഇബാദത്ത് ആകുന്നു. 'പ്രാർത്ഥനതന്നെയാണ് ഇബാദത്ത്' എന്നും 'പ്രാർത്ഥന ഇബാദത്തിന്റെ മജ്ജയാണ്' എന്നും നബി(സ) അരുളിയിട്ടുണ്ട്. (إن للصائم عند فطره لدعوة ما ترد (ابن ماجة، حاكم، بيهقي) (നിശ്ചയമായും നോമ്പുകാരന് അവൻ നോമ്പ് തുറക്കുമ്പോൾ തള്ളിക്കളയപ്പെടാത്ത പ്രാർത്ഥനയുണ്ട്—ഇബ്നുമാജ, ഹാകിം, ബൈഹഖി) എന്ന് നബി(സ) പ്രസ്താവിച്ചിരിക്കുന്നു. ആത്മാർത്ഥമായി ചെയ്യുന്ന ദുആ സ്വീകരിക്കുക എന്നത് അല്ലാഹുവിന്റെ കാരുണ്യത്തിൽ പെട്ടതാണ്.

നോക്കൂ അല്ലാഹു മനുഷ്യരോട് സമീപസ്ഥനാണെന്നും അതുകൊണ്ട് അവനോട് നേരിട്ട് പ്രാർത്ഥിക്കുകയാണ് ചെയ്യേണ്ടതെന്നും കുറ്റനാട് മുസ്ല്യാരുടെ മേൽ വ്യാഖ്യാനം വ്യക്തമാക്കുന്നു.

'സുന്നി സാഹിത്യ തറവാട്ടിലെ കാവലാൾ' എന്ന് എസ്. എസ്. എഫിന്റെ മുഖപത്രം പരിചയപ്പെടുത്തിയ കെ.വി. മുഹമ്മദ് മുസ്ല്യാർ പന്താവൂരിന്റെ ഖുർആൻ പരിഭാഷയിൽ നൽകിയ അർത്ഥവും വ്യാഖ്യാനവും:

**(ബയാനുൽ ഖുർആൻ 1–93)**

അൽബഖറ    ജുസ്ഉ്–2

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ ۖ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ ۖ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ ﴿١٨٦﴾

186. (നബിയേ!) എന്റെ ദാസർ എന്നെപ്പറ്റി താങ്കളോട് ചോദിക്കുന്നുവെങ്കിൽ ഞാനിതാ സമീപസ്ഥനാകുന്നു. തീർച്ച. എന്നോടു പ്രാർത്ഥിച്ചാൽ പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനക്കു ഞാൻ ഉത്തരം കൊടുക്കും. അതുകൊണ്ട് അവർ എന്റെ കൽപന അനുസരിക്കുകയും, എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിച്ചേക്കാം. (1)



186. (1) അല്ലാഹു ആകാശത്തോ മറ്റു വിദൂരപ്രദേശത്തോ അല്ല സ്ഥിതിചെയ്യുന്നത്. അവനു [illegible] ആവശ്യമില്ല. അവൻ നമ്മോട് ഏത് സമയത്തും അടുത്തിരിക്കുകയും ചെയ്യുന്നുണ്ട്. നാം മനസ്സിൽ കരുതുന്ന കാര്യങ്ങളെല്ലാം അവൻ [illegible] അറിയുകയും ചെയ്യുന്നു. [illegible] അവനോട് പ്രാർത്ഥിക്കാൻ ഇടയാളന്മാരുടെ ആവശ്യമില്ല. നാം മനസ്സുകൊണ്ടു പ്രാർത്ഥിക്കുന്നതു കേൾക്കാൻ കഴിവുള്ളവനാണ് അവൻ. അതുകൊണ്ട് 'നിങ്ങൾക്കെന്ത് വേണമെങ്കിലും എന്നോട് ചോദിച്ചുകൊൾക' എന്ന് അവൻ നമ്മോട് ഉദ്ബോധിപ്പിക്കുകയാണിവിടെ. അല്ലാഹു എവിടെയാണെന്ന് [illegible] ചോദിച്ചതിന് മറുപടിയായി അവതരിച്ച വചനമാണിത്.

ഇനി തുരുരങ്ങാടി ഖാസിയും കാന്തപുരം ഗ്രൂപ്പുകാരുടെ പണ്ഡിതനും കൂടിയായ അബ്ദുറഹിമാൻ മഖ്ദൂമി പൊന്നാനി തന്റെ ഖുർആൻ വ്യാഖ്യാന ഗ്രന്ഥത്തിൽ മേൽ ആയത്തിനെ വ്യാഖ്യാനിക്കുന്നത് കാണുക:

**(ഫത്ഹുൽ അലീം 1–77)**




സൂറത്തുൽ ബഖറ 77 ജുസുഅ് 2

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ ۖ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ ۖ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ ﴿١٨٦﴾

186. എന്റെ ദാസന്മാർ എന്നെക്കുറിച്ച് താങ്കളോട് ചോദിച്ചാൽ, (പറയുക) തീർച്ചയായും ഞാൻ അവരുടെ സമീപസ്ഥനാണ്. പ്രാർത്ഥിക്കുന്നവൻ എന്നോട് പ്രാർത്ഥിച്ചാൽ ഞാനവന്റെ പ്രാർത്ഥനക്കുത്തരം ചെയ്യും. അതിനാൽ അവരെന്റെ വിളിക്കുത്തരം ചെയ്യുകയും എന്നിൽ വിശ്വസിക്കുകയും ചെയ്തുകൊള്ളട്ടെ. അതുമൂലം അവർക്ക് സന്മാർഗ്ഗികളാകാവുന്നതാണ്.

പ്രാർത്ഥനയുടെ മഹത്വവും ആവശ്യകതയും വിവരിക്കുന്ന ഒരു സൂക്തമാണിത്. നോമ്പിന്റെ നിയമവിധികൾ വിവരിക്കുന്നതിനിടയിലാണ് ഈ വാക്യം അവതരിപ്പിരിക്കുന്നത്. നോമ്പും പ്രാർത്ഥനയും തമ്മിലുള്ള ബന്ധത്തെയാണിത് സൂചിപ്പിക്കുന്നത്. മറ്റെല്ലാ ആരാധനാകർമ്മങ്ങളെയും പോലെ നോമ്പും പ്രാർത്ഥനാനിർഭരമാണ്. പ്രാർത്ഥനയോടെ ചെയ്യുന്നതല്ലാത്ത ഒരു ഇബാദത്തും അല്ലാഹുവിങ്കൽ സ്വീകാര്യമാവുകയില്ല. ''പ്രാർത്ഥന ആരാധനയുടെ മജ്ജയാണെ''ന്നും, ''പ്രാർത്ഥന തന്നെയാണ് ആരാധന'' എന്നുമുള്ള നബിവചനങ്ങൾ ഓർക്കുക.

സർവ്വജ്ഞനും സർവ്വശക്തനുമായ അല്ലാഹു നമ്മുടെ സ്രഷ്ടാവും സംരക്ഷകനുമാണ്. നമ്മുടെ സമീപസ്ഥനുമാണവൻ. അതുകൊണ്ട് നാമെപ്പോഴും അവനോട് പ്രാർത്ഥിക്കേണ്ടതാണ്. നമ്മുടെ പ്രാർത്ഥന അവൻ സ്വീകരിക്കുകതന്നെ ചെയ്യും. മനസ്സറിഞ്ഞ് അവനോട് മാത്രം പ്രാർത്ഥിക്കണമെന്ന് മാത്രം.

നോക്കൂ, മുസ്ല്യാക്കന്മാരുടെ സകല ദുർവ്യാഖ്യാനങ്ങളേയും പിഴുതെറിയുകയാണ് ഇവിടെ മഖ്ദൂമി ചെയ്യുന്നത്. 'നമ്മുടെ സമീപസ്ഥനുമാണവൻ. അതുകൊണ്ട് നാം എപ്പോഴും അവനോട് പ്രാർത്ഥിക്കേണ്ടതാണ്. നമ്മുടെ പ്രാർത്ഥന അവൻ സ്വീകരിക്കുകതന്നെചെയ്യും. മനസ്സറിഞ്ഞ് അവനോട് മാത്രം പ്രാർത്ഥിക്കണമെന്ന്മാത്രം' എന്ന വരികളിലൂടെ തവസ്സുലിന്റെ എല്ലാ ശാഖകളേയും വേരോടെ പിഴുതെറിയുകയാണ് മഖ്ദൂമി ചെയ്യുന്നത്! ഈ പരിഭാഷയെകുറിച്ച് എസ്. എസ്. എഫിന്റെ മുഖപത്രം രിസാല വാരിക പരിചയപ്പെടുത്തിയത് 'സുന്നത്ത് ജമാഅത്തിന്റെ ആശയങ്ങളോട് നൂറ് ശതമാനം നീതി പുലർത്തുന്നു' എന്നാണ്.

നോക്കൂ വലിയ ഖാസി ഇമ്പിച്ചിക്കോയയുടേതടക്കം മേൽ അഞ്ചു ഖുർആൻ പരിഭാഷാ-വ്യാഖ്യാന ഗ്രന്ഥങ്ങളിൽ നിന്നും, ഈ ആയത്ത് മദ്ധ്യവർത്തികളില്ലാതെ അല്ലാഹുവോട് പ്രാർത്ഥിക്കണമെന്നും ഒരു ഇടയാളന്റേയും ശുപാർശകന്റേയും ആവശ്യമില്ലാത്ത വിധം അവൻ നമ്മോടടുത്തവനാണെന്നും വ്യക്തമായല്ലേ.

മേൽ ആയത്തിലെ 'വഇദാസഅലക' (നബിയേ താങ്കളോട് ചോദിച്ചാൽ) എന്ന പ്രയോഗത്തിൽ നിന്നാണല്ലോ ഫൈസി തവസ്സുലിന് തെളിവ് കണ്ടെത്തിയിരിക്കുന്നത്. ഇത് തികഞ്ഞ വിവരക്കേടാണെന്ന് ഏതൊരാൾക്കും മനസ്സിലാവുന്നതാണ്. കാരണം ഖുർആനിൽ അത്തരത്തിലുള്ള ധാരാളം പ്രയോഗങ്ങൾ വേറേയും കാണാം. ഉദാഹരണമായി 'യസ്അലൂനക' (നബിയേ താങ്കളോട് ചോദിച്ചാൽ) 'ഖുൽ' (പറയുക പ്രവാചകരേ) എന്നിങ്ങനെ തുടങ്ങുന്ന ധാരാളം വചനങ്ങൾ കാണാം. ഇതെല്ലാം ഈ ആയത്തുകളുടെ അവതരണ സമയത്തുള്ള പലരുടേയും ചോദ്യങ്ങൾക്കുള്ള മറുപടിയായി അവതരിച്ചതാണെന്ന് അവ

യുടെ അവതരണപശ്ചാതലങ്ങൾ പരിശോധിച്ചാലറിയാം. ഇതുപോലെതന്നെയാണ് തർക്കത്തിലുള്ള മേൽ ആയത്തിലെ 'വഇദാ സഅലക' (നബിയേ താങ്കളോട് ചോദിച്ചാൽ) എന്ന പ്രയോഗവുമെന്ന് അതിന്റെ അവതരണ കാരണത്തിലൂടെ നാം മനസ്സിലാക്കി. അഥവാ ഇത്തരം ചോദ്യങ്ങൾ അവയുടെ അവതരണകാലങ്ങളിലേക്ക് മാത്രം പരിമിതമാണെന്ന് മനസ്സിലാക്കാം. മറുപടികളാകട്ടെ എക്കാലത്തേക്കും ബാധകവും. കാരണം പ്രവാചകന്മാർ സമൂഹത്തിന്റെ ഗുരുനാഥന്മാർ കൂടിയാണല്ലോ. അതുകൊണ്ട് അവരോട് സമൂഹം മത വിധികളും മറ്റും ചോദിക്കുക സ്വാഭാവികമാണ്. (ഉദാഹരണം: 'യസ്അലൂനക അനിൽമ ഹീളി' ആർത്തവ രക്തത്തെക്കുറിച്ച് താങ്കളോടവർ ചോദിച്ചാൽ.....) ഇത്തരം ചോദ്യങ്ങൾക്ക് ദിവ്യസന്ദേശം വഴി അവർ മറുപടി നൽകുന്നു. അതല്ലാതെ അവരുടെ മരണശേഷവും അവരോട് ഇത്തരം കാര്യങ്ങൾ ചോദിക്കണമെന്നോ, അവരെ ഇടതേടി പ്രാർത്ഥിക്കണമെന്നോ അതിനർത്ഥമില്ല. ഇന്നേവരെ ആരും അങ്ങനെ പറഞ്ഞിട്ടുമില്ല.

മാത്രമല്ല ഖുർആനിൽ 'ഫസ്അലൂ അഹ്ലദ്ദിക്രി ഇൻകുൻതും ലാതഅ്ലമൂൻ' (നിങ്ങൾക്കറിവില്ലാത്ത കാര്യങ്ങൾ നിങ്ങൾ അഹ്ലുദ്ദിക്റിനോട് ചോദിക്കുക) എന്ന് കാണാം. ഈ ആയത്തിലെ 'അഹ്ലുദ്ദിക്ർ' എന്നതു കൊണ്ടുദ്ദേശിക്കുന്നത് ജൂത ക്രൈസ്തവരാണെന്നാണ് ഒരഭിപ്രായം, ഈ അഭിപ്രായത്തെയാണ് അതിന്റെ അവതരണ പശ്ചാത്തലവും ബലപ്പെടുത്തുന്നത്. അപ്പോൾ ഈ ആയത്ത് പ്രകാരം ജൂതക്രൈസ്തവരെ തവസ്സുലാക്കണമെന്ന് ഇയാൾ പറയേണ്ടിവരും. ഒരുപക്ഷെ അത്പറയാനും ഈ മൊല്ല തയ്യാറായേക്കാം. കാരണം മുഹ്യിദ്ദീൻമാലയിലെ ശിർക്കൻ വരികൾക്ക് ഖുർആൻ കൊണ്ട് വ്യാഖ്യാനമെഴുതി പുസ്തകമിറക്കിയ ആളാണല്ലോ ടിയാൻ!

ചുരുക്കത്തിൽ സൂറഃഅൽബഖറയിലെ 186-ാംവചനത്തിൽ തവസ്സുലിന് യാതൊരു തെളിവുമില്ലെന്നും ഇടയാളരും മധ്യവർത്തികളുമില്ലാതെ നേരിട്ട് അല്ലാഹുവോട് പ്രാർത്ഥിക്കാനാണ് പ്രസ്തുത വചനം പഠിപ്പിക്കുന്നതെന്നും മേൽവിശദീകരണങ്ങളിൽ നിന്നും ആയത്തിന്റെ അവതരണ പശ്ചാത്തലത്തിൽ നിന്നും സമസ്തക്കാർ തന്നെ എഴുതിയ മറ്റു ഖുർആൻ വ്യാഖ്യാനങ്ങളിൽ നിന്നും യാതൊരു സംശയങ്ങൾക്കുമിടയില്ലാത്ത വിധം വ്യക്തമായി.